"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- വടക്കും പാടം കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ബിൽ തുക അനുവദിക്കുന്നതിനായി മലപ്പുറം ജില്ലാകളക്ടർക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.853/2024/DMD തീയതി,തിരുവനന്തപുരം, 22-11-2024

---

പരാമർശം:-
1. മലപ്പുറം ജില്ലാകളക്ടറുടെ 27/05/2022 ലെ 31791/2013/ഡിഎം3 നമ്പർ കത്ത്
2. മലപ്പുറം ജില്ലാകളക്ടറുടെ 06/11/2024 ലെ DCMPM/12546/2024-DM3 നമ്പർ കത്ത്

**ഉത്തരവ്**

2013 കാലയളവിൽ ഭരണാനുമതി നൽകിയ വടക്കുംപാടം കുടിവെള്ള പദ്ധതിയുടെ ബിൽ തുക 2018-2019 സാമ്പത്തിക വർഷം ജില്ലയ്ക്ക് അനുവദിച്ച അലോട്ട്മെന്റിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നല്കിയിരുന്നുവെങ്കിലും 2018, 2019 വർഷങ്ങളിൽ ജില്ലയിലുണ്ടായ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ, 2020, 2021 വർഷങ്ങളിലെ കോവിഡ് മഹാമാരി പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ മൂലമുള്ള തിരക്ക് കാരണം മേൽ പ്രവൃത്തിയുടെ ബിൽ മാറി നല്കിയിട്ടില്ലായെന്നും അതിനാൽ മേൽ പ്രവൃത്തിയുടെ ബിൽതുക അനുവദിക്കുന്നതിന് തുക അനുവദിക്കണമെന്നും പരാമർശം(1) പ്രകാരം മലപ്പുറം ജില്ലാകളക്ടർ ആവശ്യപ്പെട്ടിരുന്നു.

വണ്ടൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട വടക്കും പാടം കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ബിൽ തുക അനുവദിക്കുന്നതിലേക്കായി പ്രസ്തുത കുടിവെള്ള പദ്ധതിയുടെ അന്തിമ ബിൽ തുക 4,97,284 രൂപ (നാല് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി ഇരുന്നൂറ്റി എൺപത്തി നാല് രൂപ) ആണെന്ന് മലപ്പുറം ജില്ലാകളക്ടർ പരാമർശം(2) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വടക്കും പാടം കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ബിൽ തുക അനുവദിക്കുന്നതിനായി 2245-01-102-99 D Drinking Water Supply എന്ന ശീർഷകത്തിൽ നിന്ന് 4,97,284/- രൂപ (നാല് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി ഇരുന്നൂറ്റി എൺപത്തി നാല് രൂപ) മലപ്പുറം ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുരാധ കെ സി

അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ,ദുരന്ത നിവാരണം

ജില്ലാകളക്ടർ,മലപ്പുറം

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

ട്രഷറി ഡയറക്ടർ,തിരുവനന്തപുരം

പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N

Date: 23-11-2024 15:10:53

സെക്ഷൻ ഓഫീസർ